**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 360** **29-01-2024 - ൽ മറുപടിയ്ക്ക്**

**ലൈഫ് ഭവന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ലൈഫ് ഭവന പദ്ധതി ഒന്നാംഘട്ടം(2017) ലിസ്റ്റിൽ ഭൂമിയുള്ളവരും ഭൂരഹിതരും ആയ എത്ര ഭവനരഹിതരാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന വിവരം ലഭ്യമാക്കുമോ; ഇതിൽ എത്ര പേർക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | ലൈഫ് ഭവന പദ്ധതിയുടെ ഒന്നാം ഘട്ടമായ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിൽ 54,116 ഗുണഭോക്താക്കളെ അർഹരായി കണ്ടെത്തിയതിൽ 52,680 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.<br><br>ലൈഫ് ഭവന പദ്ധതിയിൽ 2017 ലെ സർവ്വെയിലൂടെ 1,84,255 പേർ ഭൂമിയുള്ള ഭവനരഹിതരായി കണ്ടെത്തിയിരുന്നു. ടി ഗുണഭോക്താക്കളെ ലൈഫ് അർഹതാ മാനദണ്ഡ പ്രകാരം രേഖാ പരിശോധനയും ഫീൽഡ് തല പരിശോധനയും നടത്തിയതിൽ 1,02,542 ഗുണഭോക്താക്കൾ അർഹരായി കണ്ടെത്തുകയും ഇതിൽ 1,00,201 ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ ധന സഹായം അനുവദിക്കുകയും ചെയ്തു.<br><br>കൂടാതെ ഭൂരഹിതരിൽ നിന്നും ഭൂമി ആർജ്ജിച്ചവർ, വിവിധ വകുപ്പുകൾ, പി.എം.എ.വൈ (ഗ്രാമീൺ), പി.എം.എ.വൈ (അർബൻ), തുടങ്ങിയവയിൽ നിന്നുള്ള 1,09,250 ഗുണഭോക്താക്കൾ ഉൾപ്പെടെ ആകെ 2,62,131 ഭൂമിയുള്ള ഭവനരഹിത ഗുണഭോക്താക്കൾക്ക് ആനുകൂല്യംനൽകിയിട്ടുണ്ട്.<br><br>2017-ലെ ഭൂരഹിത ഭവനരഹിതരുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കളുടെ രേഖാ പരിശോധനയിൽ 1,57,775 ഗുണഭോക്താക്കൾ അർഹരായി കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 31,520 പേർക്ക് ഭൂമി ലഭ്യമാക്കിയതിൽ 29,918 ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണ ധനസഹായം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.<br><br>22.01.2024 വരെ ലൈഫ് പദ്ധതിയിൽ 4,91,621 ഗുണഭോക്താക്കൾക്ക് തദ്ദേശസ്വയംഭരണ |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങൾ മുഖേന ഭവന നിർമ്മാണ ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| (ബി) | ലൈഫ് പദ്ധതി 2020-ൽ ഭൂമിയുള്ളവരും ഭൂരഹിതരുമായ എത്ര ഭവനരഹിതരാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് അറിയിക്കുമോ; ഇതിൽ എത്ര പേർക്ക് ആനുകൂല്യം നൽകാനായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (ബി) | ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിൽ 3,69,262 ഭൂമിയുള്ള ഭവനരഹിതരും 1,96,446 ഭൂരഹിത ഭവനരഹിതരും ഉൾപ്പെട്ടിട്ടുണ്ട്. ഇതിൽ 81,288 ഭൂമിയുള്ള ഭവനരഹിതർക്കും 1,134 ഭൂരഹിത ഭവന രഹിതർക്കും ആനുകൂല്യം നൽകിയിട്ടുണ്ട്.<br><br>ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും ഭവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | ആനുകൂല്യം നൽകാൻ ബാക്കിയുള്ളവർക്ക് എപ്പോൾ നൽകാനാകുമെന്ന് അറിയിക്കാമോ ? | (സി) | ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിൽ 3,69,262 ഭൂമിയുള്ള ഭവനരഹിതരും 1,96,446 ഭൂരഹിത ഭവനരഹിതരും ഉൾപ്പെട്ടിട്ടുണ്ട്. ഇതിൽ 81,288 ഭൂമിയുള്ള ഭവനരഹിതർക്കും 1,134 ഭൂരഹിത ഭവന രഹിതർക്കും ആനുകൂല്യം നൽകിയിട്ടുണ്ട്.<br><br>ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും ഭവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ